**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 639** **10-02-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ കയർ വ്യവസായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കയർ വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | പരമ്പരാഗത കയർ മേഖല നേരിടുന്ന പ്രതിസന്ധി ഗൗരവത്തോടെ കാണുകയും പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹരിക്കുന്നതിനുള്ള പരിഹാര നിർദ്ദേശങ്ങൾക്കുമായി നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. |
| (ബി) | കയർ ഉല്പന്നങ്ങളുടെ വിപണനത്തിനായി എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | കയർ ഭൂവസ്ത്രത്തിന്റെ ആഭ്യന്തര വിപണനവുമായി ബന്ധപ്പെട്ട് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കയർ ഭൂവസ്ത്ര വിതരണം കേരള സംസ്ഥാന കയർ കോർപ്പറേഷൻ, കയർഫെഡ്, ഫോമിൽ (ഫോം മാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡ്) എന്നീ സ്ഥാപനങ്ങൾ മുഖാന്തിരം കാര്യക്ഷമമായി നടപ്പിലാക്കി. കൂടുതൽ പഞ്ചായത്തുകളിലേക്ക് ഭൂവസ്ത്ര വിതരണം വ്യാപിപ്പിക്കുന്നതിനും പ്രകൃതിയോട് ഏറ്റവും ഇണങ്ങുന്ന രീതിയിലുള്ള ഭൂവസ്ത്രത്തിന്റെ ഉപയോഗ സാധ്യതകൾ ത്രിതല പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥരിലേക്ക് എത്തിക്കുന്നതിനുമായി കയർ വികസന വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലേയും പഞ്ചായത്തുകളിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ സെമിനാറുകൾ സംഘടിപ്പിച്ചിരുന്നു.<br><br>കയർ ഭൂവസ്ത്രം ഒരു പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കുന്നതിന് ഒഡീഷയിലെ അയൺ ഓർ മൈനിംഗ് സ്ഥാപനവുമായി ധാരണയാകുകയും, 50 ലക്ഷം രൂപയുടെ ഒരു പൈലറ്റ് പ്രോജക്ട് പൂർത്തീകരിക്കുകയും ചെയ്തു. കൂടാതെ ഒഡീഷ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഒഡീഷ മൈനിംഗ് കോർപ്പറേഷന്റെ മൈനുകളിൽ ഭൂവസ്ത്രം വിതാനം ചെയ്യുന്നതിനുള്ള ഒരു പൈലറ്റ് പ്രോജക്ട് കയർ കോർപ്പറേഷൻ വഴി നടപ്പിലാക്കുന്നതിനുള്ള പദ്ധതി അവസാനഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| | | | ഇന്ത്യയിലെ പ്രധാന റീട്ടെയ്ൽ ചെയിൻ നെറ്റ്വർക്കുകളുള്ള സ്ഥാപനങ്ങളുമായും മറ്റ് മാളുകളുമായും കേരള സംസ്ഥാന കയർ കോർപ്പറേഷൻ കരാറിലേർപ്പെടുകയും, വിപണനം നടത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുകയും ചെയ്യുന്നു.<br><br>കയറ്റുമതി രംഗത്ത് യു.എസ്.എ, ഉൾപ്പെടെ പത്തോളം വിദേശ രാജ്യങ്ങളിലേക്ക് കേരള സംസ്ഥാന കയർ കോർപ്പറേഷൻ കയറുല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്.<br><br>വാൾമാർട്ടുമായി ഉല്പന്ന വിപണനത്തിന് കേരള സംസ്ഥാന കയർ കോർപ്പറേഷൻ കരാറിൽ ഏർപ്പെടുവാൻ സാധിച്ചത് ഈ രംഗത്ത് ഒരു നാഴികക്കല്ലാണ്. കൂടാതെ മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലേക്ക് ഈ വർഷം ഉല്പന്നങ്ങൾ കയറ്റുമതി നടത്തുന്നതിനും സാധിച്ചു. |
| (സി) | കയർ മേഖലയിലെ തൊഴിലാളികൾക്ക് മികച്ച വേതനമനുവദിക്കുന്നതിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ കയർ മേഖലയിലെ തൊഴിലാളികൾക്ക് വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം 7.33 കോടി രൂപയുടെ സാമ്പത്തിക സഹായം കൂലിയിനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ അടുത്ത ഗഡുവായി അർഹതക്ക് അനുസൃതമായി തൊഴിലാളികളുടെ ആനുകൂല്യം അനുവദിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്.<br><br>കയർ ഫാക്ടറി തൊഴിലാളികളുടെ വേതന നിർണ്ണയവുമായി ബന്ധപ്പെട്ട് വർഷങ്ങളായി പരിഹരിക്കപ്പെടാതെ കിടന്നിരുന്ന അശാസ്ത്രീയമായ കൂലി നിർണ്ണയം മാറ്റാനും ഇതുവഴി ഏകീകൃത DA ഘടന നടപ്പാക്കാനും, നിലവിലുള്ള കൂലിയിൽ പ്രതിദിനം 9% വർദ്ധനവ് വരുത്താനും ഈ സർക്കാരിന് സാധിച്ചു. ഇതോടെ കയർ ഫാക്ടറി തൊഴിലാളികളുടെ അടിസ്ഥാന ശമ്പളവും DA യും ചേർന്ന് 748.11 രൂപയായിരുന്നത് 9% വർദ്ധനവ് വരുത്തി 815.44 രൂപയായി മാറ്റിയിട്ടുണ്ട്.<br><br>പരമ്പരാഗത കയർ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുന്നതിനായി ഇൻകം സപ്പോർട്ട് പദ്ധതി വഴി സർക്കാർ വിഹിതം നൽകി വരുന്നുണ്ട്. കയർ മേഖലയിൽ തൊഴിലവസരങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിന് കയർ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം, മാനേജീരിയൽ സബ് സിഡി, പ്രൊഡക്ഷൻ ആൻഡ് മാർക്കറ്റിംഗ് ഇൻസെന്റീവ് എന്നീ പദ്ധതികളിൽ ധനസഹായം നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രവർത്തന മൂലധനം നൽകി സംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും കൂടുതൽ തൊഴിൽ നൽകുന്നതിനും പ്രവർത്തന മൂലധനത്തിൽ പ്രാഥമിക കയർ സംഘങ്ങൾക്ക് 4.14 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.<br><br>കയർ സംഘങ്ങളിലെ ജീവനക്കാർക്കുള്ള മാനേജിരിയൽ സബ്സിഡി ഇനത്തിൽ അർഹതയുള്ള കയർ സംഘങ്ങൾക്ക് 81.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പി.എം.ഐ ഇനത്തിൽ 6.4 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം എം.ഡി.എ ഇനത്തിൽ സംസ്ഥാന സർക്കാർ വിഹിതമായ 10 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) | കയർ ഉല്പന്നങ്ങൾക്കുള്ള അന്തർദേശീയ വിപണി പ്രോത്സാഹിപ്പിക്കാൻ പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | കേരള സംസ്ഥാന കയർ കോർപറേഷൻ ഓൺ-ലൈൻ പ്ലാറ്റ്ഫോമുകളിലൂടെ പരമ്പരാഗത കയറുല്പന്നങ്ങൾ വിപണനം നടത്തി വരുന്നുണ്ട്. കൂടാതെ വാൾമാർട്ടിന്റെ ഓൺ-ലൈൻ പോർട്ടലുകളിലും ഉല്പന്നങ്ങൾ ലഭ്യമാക്കുന്നതിനുള്ള ധാരണയായിട്ടുണ്ട്. കയറ്റുമതി രംഗത്ത് യു.എസ്.എ, ഉൾപ്പെടെ പത്തോളം വിദേശ രാജ്യങ്ങളിലേക്ക് കേരള സംസ്ഥാന കയർ കോർപ്പറേഷൻ കയറുല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ